

# സ്നേഹഗിരി
# തിരുഹൃദയ ഇടവക

സി.എം.ഐ. ദേവമാതാ പ്രവിശ്യയുടെ ആഭിമുഖ്യത്തിൽ സാമൂഹികവും ജീവകാരുണ്യപരവും തൊഴിൽപരവുമായ പ്രവർത്തനങ്ങൾ ജാതിമത ഭേദമെന്യേ ദേശീയാടിസ്ഥാനത്തിൽ സംവിധാനം ചെയ്യുവാൻ വേണ്ടിയാണ് പ്രവിശ്യയുടെ ബഹുമാനപ്പെട്ട അച്ചന്മാർ സി.എം.സി. സിസ്റ്റേഴ്സിന്റെയും സേവനതത്പരരായ അല്മായരുടെയും സഹകരണത്തോടെ 1979 സെപ്റ്റംബർ 19-ാം തിയ്യതി ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം ഒരു സാമൂഹ്യസേവന സംഘടന (Snehagiri Society) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. അതോടൊപ്പം ഈ പ്രദേശത്തെ സ്നേഹ ഗിരിയെന്ന് നാമകരണം ചെയ്തു. റവ. ഫാ. പോൾ കൊടിയന്റെ നേതൃത്വത്തിൽ വർഗ്ഗീസ് മാളിയേക്കൽ, കുഞ്ഞിത്തോമൻ പള്ളിപ്പാടൻ, ആന്റണി ഇലഞ്ഞിക്കൽ എന്നിവരടങ്ങിയ നാട്ടുകാരാണ് ഈ പ്രസ്ഥാനം യാഥാർത്ഥ്യമാകുവാൻ അത്യദ്ധ്വാനം ചെയ്തത്. ആദ്യകാലത്ത് കോട്ടയ്ക്കൽ കൊവേന്തയിൽ താമസിച്ചുകൊണ്ടാണ് ബഹു. കൊടിയൻ അച്ചൻ ഇതിന് നേതൃത്വം നല്കിയത്. പ്രസ്തുത സ്നേഹഗിരി സൊസൈറ്റിയും അനുബന്ധിച്ചുള്ള ദേവാലയവുമാണ് ഇടവകയ്ക്ക് പശ്ചാത്തലമായത്.

## സ്നേഹഗിരി ഭവൻ, ദേവാലയം

സി.എം.ഐ. സഭാധികാരികളുടെ സഹായത്തോടും അനുമതിയോടുംകൂടി 3.7.1983-ൽ ഒരു പള്ളി പണിയുവാൻ ശിലാസ്ഥാപനം നടത്തി. വർഷങ്ങൾക്കുശേഷം നിർമ്മാണം പൂർത്തിയായപ്പോൾ 7.1.1990-ൽ പ്രസ്തുത തിരുഹൃദയ ദേവാലയത്തിന്റെ ആശീർവ്വാദകർമ്മവും ഉദ്ഘാടനവും ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. ബഹു. പ്രിയോർ ജനറാൾ റവ. ഫാ. വിജയാനന്ദ് നെടുമ്പുറവും, ദേവമാതാ പ്രവിശ്യാധിപൻ റവ. ഫാ. അലക്സ് ഊക്കനും ഈ ഉദ്ഘാടന



സ്നേഹഗിരി സി.എം.ഐ. ഭവൻ



സെന്റ് മേരീസ് കപ്പേള

കർമ്മത്തിൽ സന്നിഹിതരായിരുന്നു. അതിനോടനുബന്ധിച്ച് 24.08.1989-ൽ സ്നേഹഗിരി ഭവൻ എന്ന പേരിൽ ഒരു സി.എം.ഐ. ഭവനവും സ്ഥാപിതമായി. 07.02.1991-ൽ സിമിത്തേരി നിർമ്മിച്ചു.

## ഇടവക

ഈ ദേവാലയം ഒരു ഇടവകയായി ഉയർത്താനുള്ള ജനങ്ങളുടെ ആഗ്രഹപ്രകാരം ജോൺ തളിയത്ത് കൺവീനറായി ഒരു കമ്മറ്റി രൂപീകരിക്കപ്പെട്ടു. തുടർന്ന് ഈ പ്രദേശത്തെ ദൈവജനത്തിന്റെ അജപാലന പ്രവർത്തനങ്ങൾക്കുവേണ്ടി മൂന്നു ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ സ്നേഹഗിരി പള്ളിയെ 1992-ൽ ഒരു ഇടവകയാക്കി ഉയർത്തി. അങ്ങനെ ദൈവജനത്തിന്റെ ചിരകാലാഭിലാഷം പൂവണിഞ്ഞു. മേലഡൂർ, തെ. താണിശ്ശേരി, മാള എന്നീ ഇടവകകളോട് ബന്ധപ്പെട്ട് നിശ്ചിത അതിർത്തികളോടുകൂടിയുള്ള ഇടവകയാണ് ഇത്. ആദ്യഘട്ടത്തിൽ സ്നേഹഗിരി ഇടവകയിൽ 200 വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.



സ്നേഹഗിരി സൊസൈറ്റി ഓഫീസ് & കമ്പ്യൂട്ടർ സെന്റർ



ഹോളി ചൈൽഡ് സി.എം.സി. കോൺവെന്റ്

ഈ ഇടവകയുടെ പരിധിയിൽ സ്ഥാപിതമായ വിവിധ സ്ഥാപനങ്ങളാണ് ഹോളി ഏയ്ഞ്ചൽസ് സി.എം.സി. കോൺവെന്റ് (30.05.1985), അവരുടെ മാനേജുമെന്റിലുള്ള ഹോളി ചൈൽഡ് ഹൈസ്ക്കൂൾ, ICSE, മിത്രാലയം എന്നിവ. കൂടാതെ, സ്നേഹഗിരി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ വിജയകരമായി മുന്നേറുന്നു. മതബോധനം, സംഘടനകൾ, കുടുംബസമ്മേളനം എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.



ഹോളി ചൈൽഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ